"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ജീവനക്കാര്യം - കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി.കവിത.എസ്-ന്റെ ശുചിത്വമിഷൻ ഡയറക്ടർ (എൽ.ഡബ്ല്യൂ.എം) തസ്തികയിലെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.104/2026/LSGD തീയതി, തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി) നം. 580/2013/ധന
3. 09/01/2024-ലെ സ.ഉ.(സാധാ) നം. 75/2024/തസ്വഭവ
4. 01/01/2025-ലെ സ.ഉ.(സാധാ) നം.13/2025/തസ്വഭവ
5. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/11/2025-ലെ SM/1433/2024-B നമ്പർ കത്ത്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി.കവിത.എസ്-നെ ശുചിത്വമിഷനിൽ ഡയറക്ടർ (എൽ.ഡബ്ല്യൂ.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം ഒരു വർഷത്തേക്ക് നിയമിച്ചു ഉത്തരവായിരുന്നു. തുടർന്ന്, പരാമർശം (4) പ്രകാരം അന്യത്രസേവന കാലാവധി 17/01/2025 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ടിയാളുടെ നിലവിലെ കാലാവധി 16/01/2026-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ, ശുചിത്വമിഷനിലെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി 17/01/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ശുചിത്വമിഷനിൽ ഡയറക്ടർ (എൽ.ഡബ്ല്യൂ.എം) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി.കവിത.എസ്-ന്റെ അന്യത്ര സേവന കാലാവധി കെ.എസ്.ആർ. ഭാഗം-I ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും, അന്യത്രസേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 17/01/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ , തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, ജലഭവൻ വാട്ടർ അതോറിറ്റി ക്യാമ്പസ്. വെള്ളയമ്പലം, തിരുവനന്തപുരം
ശ്രീമതി.കവിത.എസ്., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (IA2/189/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 14-01-2026 11:48:49
സെക്ഷൻ ഓഫീസർ